പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 404 — 04.06.2018 — ൽ മറുപടിക്ക്

# റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. അൻവർ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | പഴയ റേഷൻ കാർഡിൽ പേരില്ലാത്തതും എന്നാൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ച സമയത്ത് ഉൾപ്പെടുത്താൻ പേര് നൽകിയതുമായ പലരേയും പുതിയ റേഷൻ കാർഡിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഡാറ്റാ എൻട്രി പിഴവ് മൂലമോ പേര് ചേർക്കുന്നതിന് ആധാരമായ രേഖകൾ ഹാജരാകാത്തത് മൂലമോ ആണ് പലരേയും പുതിയ റേഷൻകാർഡിൽ ഉൾപ്പെടുത്താത്തത്. |
| (ബി) | ഈ കാരണം ചില ആളുകൾ രണ്ടു റേഷൻ കാർഡിലും ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വിവാഹശേഷമോ മറ്റോ പഴയകാർഡിൽ പേര് ഉൾപ്പെടുത്താതെ പോയ ആളുകൾക്ക് ഭർതൃഗൃഹത്തിലെ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണ്; | (സി) | നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്. |
| (ഡി) | ഒരേ സപ്ലൈ ഓഫീസിനു കീഴിലുള്ളവരെയാണ് പുതുതായി കാർഡിൽ ഉൾപ്പെടുത്തുന്നതെങ്കിൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ; വിശദമാക്കാമോ; | (ഡി) | ഒരേ താലൂക്കിൽ നിലവിൽ ഡാറ്റാ ഉള്ളതിനാൽ വളരെ പെട്ടെന്ന് തന്നെ പുതിയ കാർഡിൽ ഉൾപ്പെടുത്താവുന്നതാണ്. |
| (ഇ) | നിലവിൽ ലഭിച്ച റേഷൻ കാർഡിൽ ഇത്തരത്തിൽ പുതുതായി പേര് ഉൾപ്പെടുത്തുന്ന നടപടി എന്നാണ് ആരംഭിക്കുക; വിശദമാക്കാമോ? | (ഇ) | നിലവിൽ മുൻഗണനാ പട്ടിക ശുദ്ധീകരണം നടക്കുന്നതിനാൽ മേൽ പ്രക്രിയ തീരുന്ന മുറയ്ക്ക് കാർഡിൽ പുതുതായി പേര് ഉൾപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*